ശ്രീ. കെ. പി. രാജേന്ദ്രൻ തുടങ്ങി പല മെമ്പർമാരും ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. പക്ഷേ ദൗർഭാഗ്യകരമെന്നു പറയട്ടെ നമ്മുടെ ചില പ്രാദേശിക പത്രങ്ങളും അത് ഏറ്റു പ്രസിദ്ധീകരിക്കുകയുണ്ടായി. അത് വളരെ ദൗർഭാഗ്യകരമാണ്. കാരണം ഇംഗ്ലീഷ് പത്രത്തിന് കാര്യമറിയാതെ ആരെങ്കിലും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ എഴുതി എന്നു പറയാം. പക്ഷേ പ്രാദേശിക പത്രങ്ങൾ ഇത്തരം വാർത്ത പ്രസിദ്ധീകരിക്കുമ്പോൾ അതിന്റെ നിജസ്ഥിതിയെപ്പറ്റി വ്യക്തമായി അന്വേഷിക്കേണ്ട ബാധ്യത പത്രപ്രതിനിധികൾക്കുണ്ടായിരുന്നു. യഥാർത്ഥത്തിൽ കേരളത്തിലെ നിയമസഭാ സാമാജികന് ഫിക്സഡ് അലവൻസ്, സ്ഥിര യാത്രാബത്ത, ടെലിഫോൺ ബത്ത, നിയോജകമണ്ഡലം ബത്ത എന്നീ ഇനങ്ങളിലായി പ്രതിമാസം 15,300 രൂപ മാത്രമാണ് ഇപ്പോൾ നൽകുന്നത്. വടക്കൻ ജില്ലകളിൽ നിന്നുള്ള എം.എൽ.എ.-മാർക്ക് യാത്രാബത്ത ഇനത്തിൽ നേരിയ വ്യത്യാസം വരും. പ്രതിമാസം 61,800 രൂപ ലഭിക്കുന്നു എന്ന വാർത്ത കൊടുത്തത് തികച്ചും വാസ്തവ വിരുദ്ധവും തെറ്റിദ്ധാരണാജനകവും അതിശയോക്തി പരവുമാണ്. ഇത്തരം വാർത്തകൾ, പ്രത്യേകിച്ച് പ്രാദേശിക പത്രങ്ങളെപ്പറ്റിയെ എനിക്ക് പറയാനൊക്കൂ. കൊടുക്കുന്നതിനുമുമ്പ് ഉത്തരവാദിത്വത്തോടെ ലെജിസ്ലേച്ചറുമായി ബന്ധപ്പെട്ട് നിജസ്ഥിതി അറിയേണ്ടതായിരുന്നു. അതുകൊണ്ട് ആ തെറ്റിദ്ധാരണ നീക്കാൻ എല്ലാ പത്ര സുഹൃത്തുക്കളും സഹായിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

പ്രത്യേക പരാമർശം (തുടർച്ച)

(2) ഓൺ ലൈൻ ലോട്ടറി സംബന്ധിച്ച് സുപ്രീം കോടതിയിൽ നൽകിയ പരാതി

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, സുപ്രീം കോടതിയിൽ കൊടുത്ത പെറ്റീഷനെ സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ നടത്തിയ പ്രസ്താവന തെറ്റിദ്ധാരണ ഉണ്ടാക്കുക മാത്രമല്ല എന്നെ താറടിക്കുക എന്ന ഉദ്ദേശ്യശത്തോടുകൂടിയുള്ളതുമാണ്. ഓൺ ലൈൻ ലോട്ടറിക്ക് എതിരായി ഹൈക്കോടതി വിധിയെ ചോദ്യം ചെയ്തുകൊണ്ട് കേരള ഗവൺമെന്റ് കൊടുത്ത കേസിൽ കേരള ഹൈക്കോടതി നമുക്ക് അനുകൂലമായി പ്രസ്താവിച്ചിരുന്ന വിധിയെ ചോദ്യം ചെയ്തുകൊണ്ട് ഓൺ ലൈൻ ലോട്ടറിക്കാർ കേരള ഹൈക്കോടതിയിൽ കൊടുത്ത പെറ്റീഷനിൽ യാതൊരു തീരുമാനവും എടുക്കാതിരുന്നതുകൊണ്ടാണ് വീണ്ടും അവർ പരാതി കൊടുത്തത്. ആ സാഹചര്യത്തിൽ, കേരള ഗവൺമെന്റ് സുപ്രീംകോടതിയെ സത്യാവസ്ഥ ബോധിപ്പിക്കേണ്ടതായിരുന്നു. കേരള ഹൈക്കോടതിയിൽ ഇവരുടെ പെറ്റീഷൻ കൈകാര്യം ചെയ്യാനിരിക്കവെയാണ് ഇവർ സുപ്രീം കോടതിയിൽ കേസുമായി വന്നിരിക്കുന്നത് എന്നു പറഞ്ഞുകൊണ്ട് സുപ്രീംകോടതിയെ സത്യാവസ്ഥ ബോധിപ്പിക്കുന്നതിന് നാല് മാസമായിട്ടും ഒന്നും ചെയ്തില്ല. ഓൺലൈൻ ലോട്ടറിക്കാരെ ഫലത്തിൽ സഹായിക്കാനുള്ള നിലപാടാണ് സ്വീകരിച്ചത്. ഈ

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിലാണ് എനിക്ക് പ്രതിപക്ഷ നേതാവ് എന്നുള്ള നിലയിൽ സുപ്രീം കോടതിയിൽ ഒരു പെറ്റീഷൻ കൊടുക്കേണ്ടിവന്നത്. എന്റെ പെറ്റീഷനിൽ ഓൺ ലൈൻ ലോട്ടറിയെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല എന്നാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്. ഏതോ ഉദ്യോഗസ്ഥൻ അദ്ദേഹത്തെ തെറ്റിദ്ധരിപ്പിച്ചതായിരിക്കും എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വക്കീലന്മാർ പോലും പറയാത്ത കാര്യമാണ് എന്റെ സ്നേഹിതനും.....

മി. സ്പീക്കർ: വക്കീലന്മാരെക്കുറിച്ച് മോശമായ അഭിപ്രായം പറയരുത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: .....(ബഹളം).....മോശപ്പെട്ട **വക്കീലെന്നും **വക്കീലെന്നും പറയുന്നുണ്ട്. അത് മോശമാണെന്നു..... (ബഹളം).....

മി. സ്പീക്കർ: ആ അഡ്ജക്റ്റീവ് .....വക്കീലന്മാരുടെ മുമ്പിൽ പറഞ്ഞ അഡ്ജറ്റീവ് രേഖയിൽ കാണുകയില്ല.....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സാധാരണ പറയാറുണ്ട്. അത് മോശമാണെന്നു, ആ നാടൻ പ്രയോഗം മോശമാണെന്നു അങ്ങേയ്ക്ക് അഭിപ്രായ മുണ്ടെങ്കിൽ ഞാൻ അത് പിൻവലിക്കുന്നു.

മി. സ്പീക്കർ: ഏതായാലും അഭിഭാഷകരെ സംബന്ധിച്ചിടത്തോളം നിങ്ങളെക്കാൾ താൽപര്യം എനിക്കുള്ളതുകൊണ്ട് ആ അഡ്ജറ്റീവ് പ്രയോഗം രേഖയിൽ കാണുകയില്ല. അന്തസ്സായി പ്രതിപക്ഷനേതാവ് തന്നെ വിത്ഡ്രോ ചെയ്തു. അദ്ദേഹത്തെ അഭിനന്ദിക്കുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഏതോ ഉദ്യോഗസ്ഥൻ അദ്ദേഹത്തെ തെറ്റിദ്ധരിപ്പിച്ചതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. കാരണം ഓൺ ലൈൻ ലോട്ടറിക്കാർ അവരുടെ യഥാർത്ഥ പേര് പറയാതെ ജനങ്ങളെയും ഗവൺമെന്റിനെയും കബളിപ്പിക്കുകയാണ്. അതുകൊണ്ട് അവരുടെ യഥാർത്ഥ പേര് നമ്മുടെ ഗവൺമെന്റിന്റെ തന്നെ രേഖകളിൽനിന്ന് എടുത്താണ് ഞാൻ പെറ്റീഷൻ ഫയൽ ചെയ്തിരിക്കുന്നത്. നോർത്ത് ഈസ്റ്റേൺ സ്റ്റേറ്റ് ലോട്ടറീസ് എന്നാണ് ഈ കള്ള ലോട്ടറികളെ സംബന്ധിച്ച് ഡിഫൈൻ ചെയ്തിരിക്കുന്നത്. മെഗാ ലോട്ടറി എന്നുപറയുന്ന ആ ലോട്ടറിക്ക് ഓൺലൈൻ ലോട്ടറിക്കാർ ഇട്ടിരിക്കുന്ന പേര് എന്താണെന്നോ; മെഗാ വെബ്സൈറ്റ്സ്, ടൊമാറ്റോ എന്നിങ്ങനെയാണ്. ഇങ്ങനെയുള്ള പേരുകളിട്ടിട്ട് പന്ത്രണ്ട് മണിക്ക് ടിക്കറ്റെടുത്താൽ അവർ പറയുന്നത് ആഴ്ചയിൽ ഒരു ടിക്കറ്റേ എടുക്കൂ എന്നാണ്.

മി. സ്പീക്കർ: ക്ലാരിഫിക്കേഷൻ മാത്രം മതി.

**സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അതെ, ക്ലാരിഫിക്കേഷനാണ്. ഇത് ഞാൻ അങ്ങയുടെ കൈയിൽ തരാൻ പോവുകയാണ്. അങ്ങ് ഇത് നോക്കിയിട്ട് ഇതിൽ പിശകായിട്ടുള്ള വല്ലതുമുണ്ടെങ്കിൽ സഭയിൽ പറഞ്ഞാൽ മതി. എനിക്ക് സന്തോഷമാണ്. മേഘാലയ, മിസോറാം, ആസ്സാം തുടങ്ങിയ നോർത്ത് ഈസ്റ്റേൺ സംസ്ഥാനങ്ങളിലാണ് ഇക്കൊല്ലം ലോട്ടറിക്കാർ നിയമവിരുദ്ധമായി ലോട്ടറി കച്ചവടം നടത്തിക്കൊണ്ടിരിക്കുന്നത്. ഇതുപോലെ ആഴ്ചയിൽ ഒരു ലോട്ടറി എടുക്കുമെന്ന് പറഞ്ഞാണ് അവർ കേരളത്തിലേയ്ക്കും വന്നത്. എന്നിട്ട് ഒരു ദിവസം എട്ട് ലോട്ടറി എടുക്കുകയാണ്. സാധാരണ ലോട്ടറിയിൽനിന്ന് ഇതിനുള്ള വ്യത്യാസം കമ്പ്യൂട്ടറിൽക്കൂടി കൂടെക്കൂടെ റിസൾട്ട് പ്രഖ്യാപിക്കുന്നു എന്നുള്ളതാണ്. ഇങ്ങനെ ജനങ്ങളെ കബളിപ്പിക്കുന്നു. കേന്ദ്ര ഗവൺമെന്റ് കേരള ഗവൺമെന്റിന് അയച്ച കത്തിൽ ഒരു ദിവസം പതിനഞ്ച് ലക്ഷം മലയാളികളെ ചതിച്ചുകൊണ്ടിരിക്കുന്നു എന്ന സത്യം എഴുതി അറിയിച്ചിരിക്കുന്നു. നോർത്ത് ഈസ്റ്റേൺ സംസ്ഥാനങ്ങളിലെ ലോട്ടറികളാണ് ഈ പേരുകളിൽ അറിയപ്പെടുന്നത്. ആ പേരുകൾ വച്ചുകൊണ്ടാണ് എന്റെ പെറ്റീഷൻ സുപ്രീംകോടതിയിൽ നൽകിയിട്ടുള്ളതും സുപ്രീംകോടതി അത് അഡ്മിറ്റ് ചെയ്തിട്ടുള്ളതും. ഞാൻ അങ്ങയുടെ അറിവിലേക്കായി ഇത് നൽകുകയാണ്. പരിശോധിച്ച് ആവശ്യമായ തീരുമാനമെടുത്ത് സഭയെ അറിയിക്കുമെന്ന് വിശ്വസിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, അദ്ദേഹം സുപ്രീംകോടതിയിൽ കൊടുത്ത പെറ്റീഷന്റെ പകർപ്പ് ഞാൻ പല തവണ പരിശോധിച്ചു. ആ പെറ്റീഷൻ പത്തുമുപ്പത്തിയൊന്ന് പേജുകളുണ്ട്. സ്റ്റേ പെറ്റീഷൻ അഡീഷണലായിട്ടുണ്ട്. ഇതിലൊന്നും 'ഓൺലൈൻ ലോട്ടറി' എന്ന വാക്കില്ല. .....(ബഹളം).....ഞാൻ ഒന്നു പറഞ്ഞോട്ടെ. എന്നെ പറയാൻ അനുവദിക്കുക.

മി. സ്പീക്കർ: പ്ലീസ്, മിനിസ്റ്റർ പറയട്ടെ. No discussion please. പ്രതിപക്ഷ നേതാവ് ക്ലാരിഫിക്കേഷൻ ചോദിച്ചു, ബന്ധപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി സംസാരിക്കുന്നു. ഇത് ചർച്ചയാക്കാൻ പറ്റില്ല.

ശ്രീ. വക്കം പുരുഷോത്തമൻ: നമ്മൾ എല്ലാവരും അക്സെപ്റ്റ് ചെയ്ത ഒരു ഫാക്ടാണ്, ഓൺലൈൻ ലോട്ടറിയാണ് ഇവിടത്തെ ഏറ്റവും വലിയ സാമൂഹ്യ വിരുദ്ധ ലോട്ടറി എന്ന്. .....(ബഹളം).....ഞാൻ ഒന്നുപറയട്ടെ. അതേ സമയത്ത് ഇവിടെ പലയിടത്തും പേപ്പർ ലോട്ടറിയെപ്പറ്റി പറയുന്നുണ്ട്. പക്ഷേ ഓൺലൈൻ ലോട്ടറി എന്ന വാക്ക് ഇതിൽ ഇല്ല. അവരെപ്പോലെ എനിക്ക് ലോട്ടറിയെപ്പറ്റി വലിയ ജ്ഞാനമില്ല. .....(ബഹളം).....

മി. സ്പീക്കർ: മി. എ. കെ. ബാലൻ, അങ്ങ് ഇരിക്കണം. പ്ലീസ്.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: എനിക്ക് അതെത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഓൺലൈൻ ലോട്ടറി എന്ന വാക്ക് ഇത്രയും വലിയ പെറ്റീഷൻ കൊടുത്തിട്ട് എന്തുകൊണ്ട് പറഞ്ഞില്ല? എന്നാൽ പേപ്പർ ലോട്ടറി എന്നു പറയാതെ തന്നെ ഇതിൽ പത്ത് ആയിരം വെജിറ്റബിളെല്ലാം എന്നു പറഞ്ഞ് പേരു നല്കിയിട്ടുണ്ട്. അതെല്ലാം ഓൺലൈൻ ലോട്ടറിയാണോ എന്നു നോക്കിയിട്ട് അതുമല്ല. പേപ്പർ ലോട്ടറി എന്നല്ലാതെ പറയുന്നത് മുഴുവൻ ഓൺലൈൻ ലോട്ടറിയുമല്ല. അതുകൊണ്ടാണ് ഇവിടെ 'ഓൺലൈൻ ലോട്ടറി' എന്ന ഒരു വാക്ക് ഇതിൽ പറഞ്ഞില്ല എന്നു പറഞ്ഞത്. അദ്ദേഹം എപ്പോഴും കോടതിയിൽ കൊടുത്തിരിക്കുന്ന പെറ്റീഷൻ എന്ന് പറയുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 32 അനുസരിച്ച് അദ്ദേഹം ഒരു പെറ്റീഷൻ കൊടുത്തു. ഞങ്ങൾ കൊടുത്ത വക്കീലന്മാർ ഏതു രീതിയിലുള്ളവരാണെന്ന് പറഞ്ഞു. നിരന്തരമായി അദ്ദേഹം പറഞ്ഞുകൊണ്ടിരിക്കുന്നതാണ് നല്ല വക്കീലിനെ വയ്ക്കുന്നില്ല, നല്ല വക്കീലിനെ വയ്ക്കുന്നില്ല ഇതെല്ലാം കള്ളക്കളി ആണെന്ന്. അദ്ദേഹം കേസ് കൊടുത്തപ്പോൾ നല്ല വക്കീലിനെ വയ്ക്കുമല്ലോ എന്ന് ഞാൻ സന്തോഷിച്ചു. പത്രത്തിൽ വന്നപ്പോൾ തന്നെ പത്രക്കാർ ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു. മുൻ ഗവൺമെന്റിനെതിരായി പറഞ്ഞിട്ടുള്ളത് ഒഴികെ എല്ലാം ഞാൻ അനുകൂലിക്കാൻ തയ്യാറാണ് എന്ന്. അങ്ങനെ അദ്ദേഹം കേസുമായി കോടതിയിൽ ചെന്നു. അദ്ദേഹത്തിന്റെ പ്രഗത്ഭരായ വക്കീലന്മാരുണ്ട്. കോടതി പറഞ്ഞു You withdraw your petititon or face the consequence എന്ന്. വിത്ത്ഡ്രോ ചെയ്യാൻ മടിച്ചു. അപ്പോൾ കോടതി പറഞ്ഞു. No, you withdraw your petition. അപ്പോൾ Implead ചെയ്യാനെങ്കിലും അനുവദിക്കണമെന്ന് പറഞ്ഞു. അങ്ങനെ ആ പെറ്റീഷൻ ഇല്ല. കേസ് വിത്ത്ഡ്രോ ചെയ്തുപോയി. .....(ബഹളം)..... ഇന്റർവീൻ ചെയ്യണമെന്ന് പറഞ്ഞു. അത് ചെയ്യാമെന്നും പറഞ്ഞു. കാരണം ആർക്കുവേണമെങ്കിലും കോടതിയിൽ ഇന്റർവീൻ ചെയ്യാം. അതിന് പെറ്റീഷനൊന്നും വേണ്ട. അതു മാത്രമാണ് ചെയ്തിട്ടുള്ളത്. ഇങ്ങനെ ഒരു പെറ്റീഷൻ ഇല്ല. മറ്റൊരു കാര്യം, അദ്ദേഹത്തിന് അദ്ദേഹം ഒഴികെ ബാക്കി എല്ലാപേരെയും പുച്ഛമാണ്. വക്കീലന്മാരായാലും ഭരണപക്ഷത്തുള്ളവരായാലും അദ്ദേഹത്തിന്റെ പാർട്ടിയിലെ അംഗങ്ങളായാലും എല്ലാവരേയും അദ്ദേഹത്തിന് പുച്ഛമാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങനെയുള്ള യാതൊരു വാക്കും പറയുന്നില്ല. ഞങ്ങൾക്ക് അദ്ദേഹത്തോട് ബഹുമാനമാണ്. ബഹുമാനത്തോടുകൂടി മാത്രമേ ഞങ്ങൾ സംസാരിക്കാറുള്ളൂ.